## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം


നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*281

19-07-2016 ൽ മറുപടിയ്ക്ക്

## നെൽ വയലുകളുടെ സംരക്ഷണവും നെൽ വയൽ ഡാറ്റാ ബാങ്കും

**ചോദ്യം**

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. പി.കെ.അബ്ദു റബ്ബ്
ശ്രീ. എൻ .എ.നെല്ലിക്കുന്ന്
ശ്രീ. പാറക്കൽ അബ്ദുള്ള

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽ വയലുകളുടെ സംരക്ഷണത്തിനും നെൽ കൃഷി പ്രോത്സാഹനത്തിനും നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | നെൽവയലുകളുടെ സംരക്ഷണത്തിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷ നിയമം നിലവിലുണ്ട്. നിലവിലുള്ള നിയമത്തിന് വിരുദ്ധമായി നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കും. നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധയിനം നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കരനെൽകൃഷി ഈ വർഷം ആദ്യഘട്ടം എന്ന നിലയിൽ 2600 ഹെക്ടറായും 5 വർഷം കൊണ്ട് ഒരു ലക്ഷം ഹെക്ടറായും വ്യാപിപ്പിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനു പുറമെ കൃഷിയോഗ്യമായ തരിശു ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ 25 വർഷത്തിന് ശേഷം ഈ വർഷം ആലപ്പുഴയിലെ റാണി കായലിൽ 200 ഹെക്ടർ സ്ഥലത്ത് പുഞ്ച കൃഷി 2016 സെപ്റ്റംബർ മാസം തുടങ്ങുന്നതാണ്. കൂടാതെ മെത്രാൻ കായലിൽ |

| | | | |
|---|---|---|---|
| | | | കൃഷിയിറക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>2016-2017 വർഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br>1.സുസ്ഥിര നെൽകൃഷി വികസന പദ്ധതി.<br>2.വികസന ഏജൻസികൾക്കുള്ള ധനസഹായം.<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോൽസാഹനം .<br>4.പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5 കരനെൽകൃഷി വികസനം<br>6.നെൽകൃഷി ഉൽപ്പാദന ബോണസ് (നോൺ പ്ലാൻ)<br>7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)<br>8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം). |
| (ബി) | നെൽ വയൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന കാര്യത്തിൽ കൃഷി വകുപ്പിനുള്ള പങ്കാളിത്തം എത്രത്തോള മാണെന്നു വ്യക്തമാക്കുമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 12/08/2008 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത നിയമമനുസരിച്ച് സംസ്ഥാനത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അതിർത്തിക്കുള്ളിൽ നിലവിലുള്ള കൃഷിയോഗ്യമായ നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും സർവ്വേ നമ്പരും വിസ്തൃതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബാങ്ക് തയ്യാറാക്കേണ്ട താണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. മേൽ നിയമപ്രകാരം രൂപീകൃതമായിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്. അതിന്റെ കൺവീനർ കൃഷി ഓഫീസറാണ്. സമിതിക്ക് ആധികാരികതയുള്ള പ്രദേശത്തെ നിലവിലുള്ള റിക്കാർഡ് പ്രകാരം നെൽവയലുകളായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ അനുസരിച്ച് കൃഷി, റവന്യൂ പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോ ടെയാണ് ഡാറ്റാബാങ്ക് തയ്യാറാക്കുന്നത്. |
| (സി) | ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ എത്രയും വേഗം | (സി) | നെൽവയലുകളുടെയും തണ്ണീർത്തടങ്ങളു ടെയും കരട് ഡാറ്റാബാങ്ക് തയ്യാറാ |

| | | | |
|---|---|---|---|
| | പൂർത്തിയാക്കി ഉപഗ്രഹ സഹായത്തോടെ അതു കുറ്റമറ്റതാക്കി പ്രസിദ്ധപ്പെടുത്താൻ കൃഷി വകുപ്പ് അടിയന്തരമായി നടപടി സ്വീകരിക്കുമോ? | | ക്കിയിട്ടുണ്ട്. ഇതുവരെയും ഡാറ്റാബാങ്ക് പൂർത്തീകരിക്കാത്ത പഞ്ചായത്തുകളും, മുൻസിപ്പാലിറ്റികളും, കോർപ്പറേഷനുകളും തനതു ഫണ്ട് ഉപയോഗിച്ച് ഫീൽഡ് പരിശോധന നടത്തി 2016 ആഗസ്റ്റ് 31-നകം കുറ്റമറ്റ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 2 പഞ്ചായത്തുകളിലെ ഡാറ്റാബാങ്ക് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി) വഴി തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം വില്ലേജും എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തും തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചെങ്കിലും, എറണാകുളം ജില്ലയിലെ മരട് പഞ്ചായത്തിൽ ഡാറ്റാബാങ്ക് പൂർത്തിയാക്കാത്തതിനാലും സബ്ഡിവിഷൻ തലത്തിലുള്ള വിവരങ്ങൾ കഴക്കൂട്ടം പഞ്ചായത്തിനോട് ചേർന്നുള്ള ആറ്റിപ്ര പഞ്ചായത്തിൽ ലഭ്യമാണ് എന്ന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്റർ അറിയിച്ചതിനാലും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്ററുമായി ചർച്ച ചെയ്ത് തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര പഞ്ചായത്തിലും എറണാകുളം ജില്ലയിലെ വേങ്ങൂർ പഞ്ചായത്തിലും ഉപഗ്രഹ ചിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ള ഡാറ്റാബാങ്കിന്റെ വാലിഡേഷൻ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനനുസൃതമായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് എൻവയോൺമെന്റ് സെന്റർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ